# സാഫല്യം

സാംസ്കാരിക മാസിക

PRESTIGIOUS CULTURAL MAGAZINE IN MALAYALAM

മെയ് 2018
പുസ്തകം: 10 ലക്കം: 01
വില: 20 രൂപ



അസ്തിത്വദർശനം

പരാജിതന്റെ കാത്തിരിപ്പ്

ആനന്ദമീ ജീവിതം

ഒരുമതന്നെ പെരുമ

കെ.എസ്.എഫിന് ശുഭ്രപതാക

തന്ത്രം

സോറി, റോങ് നമ്പർ

ബാഷ്പാഞ്ജലി

ഒരു പുത്തൻ നാഴികക്കല്ല്

ഇലകളിൽ ഇതളിടുന്ന സൗന്ദര്യം

dailyhunt
സാഫല്യം ഇപ്പോൾ ഡെയിലി ഹണ്ട് ആപ്ലിക്കേഷനിൽ ലഭ്യമാണ്



ജി. രേഖ വേണുഗോപാൽ

# സോറി, റോങ് നമ്പർ

വതിവില്ലാതെ വീട്ടിലെ ജോലികളെല്ലാം ധൃതിയിൽ ഒതുക്കി തീർത്ത് ആൻ എന്ന ആൻമേരി കാത്തിരുന്നു സമയം 8.30 ഒന്നാകുവാൻ . സമയം ഒച്ചിനെപ്പോലെ ഇഴയുന്നതായി അവൾക്കുതോന്നി. പകലിനു നീളം ഇപ്പോൾ കൂടുതലാണോ?

ഈയിടെ ഏകാന്തത കുറച്ചു കൂടുതലായി അനുഭവപ്പെടുന്നു. മമ്മയുടെ മരണശേഷം പ്രത്യേകിച്ചും. ആദ്യം പ്രിയപ്പെട്ട പപ്പ, പിന്നെ മമ്മ. നികത്തുവാൻ കഴിയാത്ത ശൂന്യത. മൂകത. കുട്ടികളുടെ ഇണക്കങ്ങളും പിണക്കങ്ങളുമില്ല.

കോളിംഗ് ബെല്ലടിച്ചപ്പോൾ ഓടിച്ചെന്ന് വാതിൽ തുറന്നു. അതേ. ഇമ്മാനുവേലാണ്. കറക്ട് ടൈമിനുതന്നെ എത്തി.

മേൽ കഴുകി വരുമ്പോഴേക്കും ഭക്ഷണം മേശപ്പുറത്ത് റെഡിയാക്കി വെച്ചു.

പ്രാർത്ഥനകഴിഞ്ഞ്, ഒന്നിച്ചിരുന്ന് കൊച്ചുവർത്തമാനങ്ങളും പറഞ്ഞ്, ടി.വി.യും കണ്ട് ഭക്ഷണം കഴിക്കുമ്പോൾ ഉള്ളിലെ ഏകാന്തതയും സ്ട്രെയ്നും പമ്പ കടന്നിരുന്നു. തികച്ചും ഊഷ്മളമായ അന്തരീക്ഷം.

അപ്പോഴാണ് മൊബൈൽ ശബ്ദിച്ചത്. വെറുതെ മനസ്സു കുസൃതി കാട്ടി മന്ത്രിച്ചു. ആരായിരിക്കും ഈ സ്വർഗത്തിലെ കട്ടുറുമ്പ്? ഓ, ഒരു സ്ത്രീശബ്ദമാണ്. ഇമ്മാനുവേലിന്റെ മറുപടി കേൾക്കാം.

“അല്ല. നമ്പറതല്ല.” നിശബ്ദത. വീണ്ടും. “ഞാൻ നിങ്ങളുദ്ദേശിക്കുന്ന ആളല്ല.” സ്ത്രീശബ്ദം പിന്നെയും എന്തോ ചോദിച്ചുകൊണ്ടിരുന്നു. ഇമ്മാനുവേൽ ഇടയ്ക്ക് ആവർത്തിക്കുന്നുണ്ടായിരുന്നു.

“അല്ലല്ലോ. സോറി. അല്ല.”

സാധാരണ ആൻ ഒരിക്കലും ഇടയ്ക്ക് ശല്യം ചെയ്യാത്തതാണ്. പക്ഷേ അപ്പോൾ എന്തോ പറഞ്ഞുപോയി.

“കട്ടു ചെയ്യൂ, മാനുവേൽ. റോങ് നമ്പറല്ലേ?”

ഈയിടെയായി എന്തിനേയും എല്ലാറ്റിനേയും ഒരു ഭയമാണ്. എന്തെല്ലാമാണ് പത്രമാധ്യമങ്ങളിലൂടെ വായിക്കുന്നതും കേൾക്കുന്നതും. സൈബർ ക്രൈംസും ഹണിട്രാപ്പുമെല്ലാം.

ഒറ്റയ്ക്കു യാത്ര ചെയ്യുമ്പോൾ ആരെങ്കിലും ലിഫ്റ്റ് ചോദിച്ചാൽ കൊടുക്കാതിരിക്കുന്നതാണ് നല്ലതെന്ന് അനുകമ്പ ഏറെ കൈമുതലായുള്ള ഇമ്മാനുവേലിനോട് സൂചിപ്പിച്ചിട്ടുണ്ട്. ഒരു മനസ്സമാധാനത്തിനുവേണ്ടി.

പക്ഷെ ഇപ്പോൾ തീരെ പ്രതീക്ഷിക്കാത്ത പ്രതികരണമാണ് ഇമ്മാനുവേലിൽ നിന്നും ഉണ്ടായത്.

മൊബൈലുമായി എഴുന്നേറ്റ് അത് ഓഫ് ചെയ്തുകൊണ്ടു പറഞ്ഞു.

“എന്റേതായ രീതിയിൽ സംഭാഷണം അവസാനിപ്പിക്കാൻ എനിക്കറിയാം.”

ആൻ വിശദീകരിക്കുവാൻ ശ്രമിച്ചു.

“ഞാൻ പറഞ്ഞത് സംഭാഷണം നീട്ടിക്കൊണ്ട്പോകുന്നതിലും സേഫ് കട്ട് ചെയ്യുന്നതെന്നാ.”

പറഞ്ഞവസാനിപ്പിക്കുന്നതിനുമുമ്പ് ഇമ്മാനുവേലിൽ നിന്നും മറു

പടി ഉണ്ടായി.

"ഇങ്ങനെയൊക്കെ പറയുമ്പോൾ വേറെ വഴിയിൽ ചിന്തിച്ചു തുടങ്ങിയെന്നിരിക്കും."

ഒന്നും മനസ്സിലായില്ല. പറഞ്ഞതിൽ അപാകത ഒന്നും കാണുവാൻ സാധിച്ചുമില്ല. എത്ര ശ്രമിച്ചിട്ടും.

ചിന്തകൾ മാറിമറിഞ്ഞു.

ആ ശബ്ദത്തിൽ നിഴലിച്ചത് ഭീഷണിയോ, ദാർഷ്ട്യമോ, കാലവും സമൂഹവും കല്പിച്ചുകൊടുത്തിട്ടുള്ള പുരുഷ മേധാവിത്വത്തിന്റെ സ്വരഭേദമോ, പപ്പയുടെ മരണശേഷം, പപ്പ അവളുടെ പേരിൽ എഴുതിവെച്ചിരുന്ന സ്വത്തിനെചൊല്ലി അച്ചായന്മാർ അഭിപ്രായ പ്രകടനങ്ങൾ നടത്തിയ അവസരത്തിൽ കേട്ട അസഹിഷ്ണുതയുടെ ധ്വനിയോ? അതോ, ഈഗോ എന്ന വില്ലനോ? പലപ്പോഴായി ചെറിയ തോതിൽ അനുഭവപ്പെട്ടിട്ടുള്ളതാണെങ്കിലും ഇന്നതിന് പതിവിലേറെ ഘനമുള്ളതായി തോന്നി.

പെട്ടെന്നാണ് അന്തരീക്ഷം മഞ്ഞിനേക്കാൾ തണുത്തുറഞ്ഞത് . ഒന്നും മിണ്ടാതെ ഭക്ഷണം കഴിച്ചെന്നുവരുത്തി ആൻ എഴുന്നേറ്റു.

നിശബ്ദത നീണ്ടു. വെറും നേരമ്പോക്കോ തമാശയായോ എടുത്താലോ? നീളുന്ന നിശബ്ദതയും ഗൗരവവും അതല്ലെന്ന് വിളിച്ചോതി.

ആർമിയിലായിരുന്ന പപ്പ എന്നും പറഞ്ഞിട്ടുണ്ട് മറ്റുള്ളവരുടെ സ്വകാര്യതയെ ബഹുമാനിക്കണമെന്ന്. പപ്പയുടെ ലിറ്റിൽപ്രിൻസസ് ഇന്നുവരെ പപ്പ പറഞ്ഞത് അനുസരിച്ചിട്ടേയുള്ളൂ.

പക്ഷേ ഇവിടെ. ഛെ. ഇടപെടരുതായിരുന്നു.

ഇമ്മാനുവേലിനോട് സോറി പറയണം.

"ഞാൻ പറഞ്ഞത് തെറ്റായിപ്പോയെങ്കിൽ ക്ഷമിക്കണം. മറ്റൊന്നും ചിന്തിച്ചില്ല. ഒരു ഭയപ്പാട് ഉള്ളിൽ തോന്നിയതുകൊണ്ട് പറഞ്ഞു എന്നേയുള്ളൂ."

തുടർന്നു പറയാതിരിക്കുവാൻ കഴിഞ്ഞില്ല. "ഇത്രയും രോഷം കൊള്ളേണ്ടതെന്തെന്ന് മനസ്സിലായില്ല മാനുവേൽ." പറഞ്ഞു കഴിഞ്ഞപ്പോൾ വേണ്ടിയിരുന്നില്ല എന്നു തോന്നി.

പ്രതികരണമൊന്നും ഉണ്ടായില്ല.

നമ്മുടെ വേണ്ടപ്പെട്ടവരോടല്ലേ, സ്വന്തമെന്നു കരുതുന്നവരോടല്ലേ അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം എടുക്കുകയുള്ളൂ. പക്ഷെ ഇവിടെ.

അന്യരും അപരിചിതരും സ്വന്തമാകുകയും സ്വന്തം അന്യമാവുകയുമാണ്.

മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു.

ആ റോങ് നമ്പർ ഒരു പുരുഷന്റേതായിരുന്നെങ്കിൽ പ്രതികരണം ഇതായിരിക്കുമോ ആൻ ചിന്തിച്ചു. അഥവാ, ആ റോങ് നമ്പർ ഒരു പുരുഷന്റേത്, തനിക്കാണ് വന്നതെങ്കിൽ എന്തായിരിക്കും സംഭവിക്കുക.

പുരുഷന്മാർക്ക് ഏതുവഴിക്കും പലതും ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ സ്ത്രീയ്ക്കോ? ഇല്ലേ?

കൂടുതൽ ചിന്തിച്ചാൽ മനസ്സു കാടുകയറും.

ജീവിതത്തിൽ എല്ലാം ഒരു വിശ്വാസത്തിന്റെ പുറത്താണ് നിലനിൽക്കുന്നതെന്ന് എന്നല്ലേ പറയുന്നത്. അതിന് ഉടവുതട്ടിയാൽ. ഇവിടെ വിശ്വാസത്തിന് വലിയൊരു പോറൽ വീണുവോ?

പുകയുവാൻ, പ്രതികരിക്കുവാൻ മനസ്സിൽ ചിന്തകൾ പതഞ്ഞുപൊങ്ങി. ഇല്ല. മനസ്സിൽ തോന്നുന്നതുപോലെ പറഞ്ഞാൽ പ്രവർത്തിച്ചാൽ, വളർത്തിക്കൊണ്ടുവന്ന പപ്പയുടേയും മമ്മയുടേയും പേരാണ്, അഭിമാനവും അന്തസ്സുമാണ് വിഷമവൃത്തത്തിലാക്കുന്നത്. വേണ്ട.

കുടുംബമെന്ന ദൗർബല്യവും സമൂഹമെന്ന ലക്ഷ്മണരേഖയും ഒരു സാധാരണ സ്ത്രീയായി അവളെ ചുരുക്കുകയാണിവിടെ. നിശബ്ദയാക്കുകയാണ്.

അറിഞ്ഞുകൊണ്ടു തന്നെ, പറയുവാനുള്ളതും ചെയ്യുവാനുള്ളതും പുതിയ തലമുറ തന്നെ ചെയ്യട്ടെ എന്ന് മനസ്സിലുറപ്പിച്ചു. അവരല്ലേ നാളെയുടെ വക്താക്കളും വാഗ്ദാനങ്ങളും.

അസ്തമിക്കാറായ ഈ യാത്രയിൽ എന്തിനൊരു പടയോട്ടത്തിനൊരുങ്ങണം.

ഇതൊരു ഒളിച്ചോട്ടമാണോ?

അതോ ഭീരുത്വമോ?

ഒരു സാധാരണ സ്ത്രീയുടെ നിസ്സഹായതയോ? നിസ്സംഗതയോ? നിശ്ചലതയോ? യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമോ?

ആവോ?

കൂടുതൽ ചിന്തിക്കുന്നത് മനസ്സമാധാനത്തിനാപത്താണ്. അറിയുന്നു.

ഓർത്തുപോയി. പപ്പയും മമ്മയും ഇന്നുണ്ടായിരുന്നെങ്കിൽ. അർത്ഥം മനസ്സിലാക്കുവാൻ കഴിയാത്ത കുഞ്ഞുപ്രായത്തിൽ കേട്ട ഏറ്റവും പ്രിയമുള്ള ശബ്ദത്തിലും വാത്സല്യം തുളുമ്പി നിന്നിരുന്നതുമായ പപ്പയുടെ 'സോജാ രാജകുമാരി സോജാ' എന്ന താരാട്ട് വീണ്ടും കേൾക്കുവാൻ മനസ്സു കൊതിച്ചു.

ആകെ ഒരു മരവിപ്പ്.

മരണത്തിന്റെ തണുത്തുറഞ്ഞ കൈയ്യൊപ്പ്. ഒരു സത്യം മനസ്സറിയുന്നു. ഇവിടെ ആത്മാവിൽ ഒരു മരണം നടന്നിരിക്കുന്നു.

പെയ്തൊഴിയുവാൻ കഴിയാതെ കാർമേഘങ്ങൾ അവളുടെ ഉള്ളിലിരുന്നു വിങ്ങി. തളർത്തി.

●